(ബി) പ്രൊട്ടക്ഷൻ ആനുകൂല്യം പുന:സ്ഥാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-10-1984-ൽ പ്രൊട്ടക്ഷൻ ആനുകൂല്യം അനുഭവിച്ചുകൊണ്ടിരിക്കുന്നവർക്ക് 15-7-1986 വരെ നിലവിലുള്ള ചട്ടങ്ങളം പ്രകാരം പ്രൊട്ടക്ഷന് അർഹത നേടുന്നവർക്കും പ്രൊട്ടക്ഷൻ കൊടുക്കുന്നതാണ്. ആർക്കെങ്കിലും ആനുകൂല്യം ലഭിക്കാതെ ജോലി നഷ്ടപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇക്കാര്യം ഗവൺമെൻറ് ആലോചിച്ചുവരുന്നു.

തിരുവല്ലയിൽ നിയമിതരായ താൽക്കാലിക അദ്ധ്യാപകർക്ക് ഫെസ്റ്റിവൽ അലവൻസ്

942. [1382] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ താൽക്കാലിക നിയമനം കിട്ടിയ അദ്ധ്യാപകർക്ക് ഓണക്കാലത്ത് കിട്ടേണ്ടതായ ഫെസ്റ്റിവൽ അലവൻസ് കൊടുത്തിട്ടില്ല എന്നുള്ള വിവരം സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഫെസ്റ്റിവൽ അലവൻസ് കൊടുക്കാൻ വേണ്ട നിർദ്ദേശം സർക്കാർ നൽകുമോ ?

ഉത്തരം

(എ) ഫെസ്റ്റിവൽ അലവൻസ്, ബോണസ് എന്നിവ നിഷേധിച്ചുവെന്ന പരാതികളം ലഭിച്ചതായി കാണുന്നില്ല. പരാതികളം ലഭിച്ചാൽ അവ പരിശോധിക്കുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സംസ്കൃത കലോൽസവം

943. [1383] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വിദ്യാഭ്യാസ വർഷത്തിൽ സംസ്കൃത കലോൽസവം നടത്തുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് എവിടെ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫെബ്രുവരി ആദ്യവാരം പട്ടാമ്പി സംസ്കൃത കോളേജിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു.

സർവകലാശാലകളിൽ സിനിമയും നാടകവും പാഠ്യവിഷയമാക്കാൻ നടപടി

944. [1384] ശ്രീ ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർവകലാശാലകളിൽ സിനിമയും നാടകവും പാഠ്യവിഷയമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly